കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി.പി.മണിയമ്മയുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം. 660/2019/തസ്വഭവ   തീയതി, തിരുവനന്തപുരം, 20/03/2019**

---

പരാമർശം :
1. സ.ഉ (കൈ) നം. 224/2014/തസ്വഭവ തീയതി 12.12.2014.
2. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03.12.2016 ലെ ഇ 3-11751/16/കെ ഡിസ് നമ്പർ നടപടിക്രമം.
3. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 21.11.2017 ലെ ഇ 3-2050/17 നമ്പർ നടപടിക്രമം.
4. പഞ്ചായത്ത് ഡയറക്ടറുടെ 18.07.2018 ലെ ഇ 6-30856/17, 14.02.2019 ലെ ഇ 6-23655/18 എന്നീ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി.പി.മണിയമ്മയുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിച്ചു

2. ശ്രീമതി.പി.മണിയമ്മ, പഞ്ചായത്ത് വകുപ്പിൽ 12.10.2006 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾ ജനിച്ചത് 20.05.1966 ൽ ആണ്. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (3) പ്രകാരം ടിയാളുടെ പ്രൊബേഷൻ കാലയളവ് 12.10.2008 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നല്കിയിരുന്നു. ടിയാൾക്ക് 50 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ ടിയാളെ നിർബന്ധിത വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കി ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

3. ശ്രീമതി.പി.മണിയമ്മയ്ക്ക് 19.05.2016 ൽ 50 വയസ്സ് പൂർത്തിയായതിനാൽ ടിയാളെ നിർബന്ധിത വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കി പരാമർശം (2) പ്രകാരം ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവായിട്ടുള്ളതിനാൽ ടി തീയതിയുടെ തൊട്ടടുത്ത ദിവസമായ 20.05.2016 ന് ടിയാളുടെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 21.05.2016 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിയ്ക്കണമെന്ന് പരാമർശം(4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി.പി.മണിയമ്മയ്ക്ക് 50 വയസ്സ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസമായ 20.05.2016 FN ന് ടിയാന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് പ്രൊബേഷൻ കാലയളവ് 12.10.2009 മുതൽ 21.05.2016 AN വരെ കെ. എസ് & എസ്. എസ്.ആർ, ഭാഗം 2, ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്താഫീസ്, ആലപ്പുഴ(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(227/ഇപിഎ 1/18/തസ്വഭവ നമ്പർ ഫയലിലേക്ക്).

ഉത്തരവിൻ പ്രകാരം

Danya M

സെക്ഷൻ ഓഫീസർ